**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3537** **15-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ പുറംപോക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാണാവള്ളി വില്ലേജ് ഓഫീസിന്റെ പരിധിയിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപം സർക്കാർ പുറംപോക്ക് ഭൂമി കയ്യേറി കെട്ടിടം നിർമ്മിക്കുകയും കൈവശം വെയ്ക്കുകയും ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പാണാവള്ളി വില്ലേജോഫീസിന്റെ പരിധിയിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനുസമീപം സർവ്വേ 61/1ൽ പെട്ട വില്ലേജ് രേഖകൾ പ്രകാരം പുറമ്പോക്ക് വഴി എന്ന് കാണുന്ന വസ്തുവിൽ ശ്രീമതി വിജയകുമാരി, ശ്രീ. റ്റി. ഡി. പ്രകാശൻ എന്നിവർ അനധികൃതമായി ഭൂമി കൈയ്യേറി കെട്ടിടം നിർമ്മിയ്ക്കുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ശ്രീമതി വിജയകുമാരി WP(C) 19722/23 നമ്പരായും, ശ്രീ. റ്റി. ഡി പ്രകാശൻ 28280/23 നമ്പരായും ബഹു ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത കേസുകളിൽ വിധി ഉത്തരവ് വന്നിട്ടുള്ളതാണ്. ടി ഉത്തരവിൽ ടി കക്ഷികൾക്ക് അവരുടെ കൈവശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുവാനും അവരെ കേൾക്കുന്നതിനും നിയമപരമായ നോട്ടീസ് നടത്തി ടി കക്ഷികളെ വിചാരണ നടത്തുന്നതിന് PWD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആവശ്യപ്പെടുന്നതനുസരിച്ച് സർവ്വെ നടത്തുന്നതിനായി സർവ്വെയർമാരെ തഹസിൽദാർ നിയോഗിക്കുവാനും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ PWD അധികൃതരിൽ നിന്നും ഇതുവരെ തുടർ നിർദ്ദേശങ്ങളൊന്നും തഹസിൽദാർക്ക് ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രദേശത്ത് എത്ര പുറംപോക്ക് ഭൂമി ഉണ്ടെന്നും ആയത് ആരെല്ലാമാണ് കൈവശം വച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പ്രദേശത്ത് സർവ്വേ 61/1 ൽ 06.13 ആർ പുറമ്പോക്ക് ഭൂമി ഉണ്ട് . ആയതിൽ 0.94 ആർസ് വസ്തുവിൽ ശ്രീമതി വിജയകുമാരി എന്നവരും, 01.29 ആർസ് വസ്തുവിൽ ശ്രീ റ്റി. ഡി. പ്രകാശൻ എന്നവരും അനധികൃതമായി ഭൂമി കൈയ്യേറി കെട്ടിടം നിർമ്മിയ്ക്കുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ